# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 396
29-11-2018-ലെ മറുപടിയ്ക്ക്

**സാലറി ചലഞ്ച് ഉത്തരവിലെ വിസമ്മതപത്രം നൽകണമെന്ന വ്യവസ്ഥ**

| **ചോദ്യം**<br>**ശ്രീ. കെ. സി. ജോസഫ്**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. എം. വിൻസെന്റ്** | **മറുപടി**<br>**ഡോ. ടി. എം. തോമസ് ഐസക്ക്**<br>**ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|
| എ) ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുന്ന സാലറി ചലഞ്ച് ഉത്തരവിലെ വിസമ്മതപത്രം നൽകണമെന്ന വ്യവസ്ഥ കേരള ഹൈക്കോടതി റദ്ദാക്കിയിരുന്നോ ;<br><br>ബി) എന്ത് അടിസ്ഥാനത്തിലാണ് കേരള ഹൈക്കോടതി ഇത് റദ്ദാക്കിയത് ; | സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സ.ഉ (അച്ചടി) 144/2018/ധന 11.09.2018 എന്ന ഉത്തരവിലെ clause (10) ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും ബഹുമാനപ്പെട്ട സുപ്രീംകോടതി സ്റ്റേ ശരിവയ്ക്കുകയും ചെയ്തു. നിർബന്ധത്തിന്റെ ധ്വനി സൃഷ്ടിക്കുന്നതാണ് ഇതെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രസ്തുത clause ഹൈക്കോടതി സ്റ്റേചെയ്തത്. ബഹുമാനപ്പെട്ട സുപ്രീംകോടതി അനുവദിച്ചതു പ്രകാരം പ്രസ്തുത clause ലെ വ്യവസ്ഥയിൽ മാറ്റം വരുത്തിക്കൊണ്ട് 30.10.2018 ലെ 99/2018/ധന പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു. |
| സി) ഈ വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിരുന്നുവോ; ആരുടെ നിയമോപദേശ പ്രകാരമായിരുന്നു അപ്പീൽ നൽകിയത്;സുപ്രീംകോടതിയിൽ സർക്കാരിന് വേണ്ടി ആരാണ് കേസ് വാദിച്ചത്; | അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ സാലറി ചലഞ്ചുമായി ബന്ധപ്പെട്ട വിധിക്കെതിരെ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിരുന്നു. ബഹു.സുപ്രീം കോടതിയിൽ സർക്കാരിന് വേണ്ടി താഴെപ്പറയുന്ന അഡ്വക്കേറ്റ്മാർ ഹാജരായി. |
| ഡി) പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം ഇക്കാര്യത്തിനായി | ശ്രീ. ജയ് ദീപ് ഗുപ്ത, സീനിയർ അഡ്വക്കേറ്റ് |

| | |
|---|---|
| ഉപയോഗിച്ചിരുന്നോ; ഉണ്ടെങ്കിൽ ആരുടെ സേവനമാണ് ഉപയോഗിച്ചത്; സുപ്രീം കോടതി ഈ അപ്പീലിൽ എന്ത് തീർപ്പാണ് കൽപ്പിച്ചത്? | ശ്രീ. ജി. പ്രകാശ്, എ.ഒ.ആർ<br>ശ്രീ.ജിഷ്ണു എം.എൽ, അഡ്വക്കേറ്റ്<br>ശ്രീമതി. പ്രിയങ്ക പ്രകാശ്, അഡ്വക്കേറ്റ്<br>ശ്രീമതി. ബീന പ്രകാശ്, അഡ്വക്കേറ്റ്<br>സാലറിചലഞ്ചുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് ബഹു. സുപ്രീംകോടതി ശരിവയ്ക്കുകയും സർക്കാരിന്റെ ആവശ്യപ്രകാരം പ്രസ്തുത clause ൽ മാറ്റം വരുത്തുന്നതിനുള്ള അവകാശം സർക്കാരിന് നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ